ടെലിവിഷൻ ചാനൽ

9 (720)പ്രൊഫ. എ.വി. താമരാക്ഷൻ :
ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :
ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് സ്വന്തമായി ടെലിവിഷൻ ചാനൽ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ബി) ചാനലിന്റെ സ്ഥാപനത്തിന് എന്തു തുക ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത ചാനലിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ മറ്റേതെങ്കിലും സംസ്ഥാന സർക്കാരുകൾക്ക് ടെലിവിഷൻ ചാനലുകൾ ഉള്ളതായി സർക്കാരിന് അറിവുണ്ടോ?

ഉത്തരം

(എ)-(സി) ഒമ്പതാം പദ്ധതി രൂപരേഖ ആസൂത്രണം ചെയ്യുന്നതിനോടനുബന്ധിച്ച്, ഇലക്ട്രോണിക്സ് മാധ്യമത്തിനായുള്ള സംസ്ഥാന ആസൂത്രണ ബോർഡിന്റെ കർമ്മസമിതി, സംസ്ഥാനത്തിന്റെ സാമൂഹികവും, ദീർഘകാല വികസനപരവുമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഒരു ബൃഹത്തായ വാർത്താവിനിമയ ശൃംഖലയ്ക്ക് ഉപയുക്തമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. സർക്കാർ നയം വിശദീകരിക്കുക, വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വെളിച്ചത്തിൽ ജനങ്ങളുമായി നേരിട്ട് സമ്പർക്കം ഉറപ്പാക്കുക, വിദേശ മലയാളികളുമായി ബന്ധം വയ്ക്കുക, കേരളത്തിന്റെ തനതായ സാമൂഹികവും, സാംസ്ക്കാരികവുമായ പരിപാടികൾ സാധാരണ ജനങ്ങളിലേക്ക് എത്തിക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഒരു സ്വതന്ത്ര ഉപഗ്രഹ ടി.വി. ചാനൽ സ്ഥാപിക്കാനുള്ള കാര്യം പരിഗണിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാരിന് പ്രത്യേകമായി ഒരു ടിവി ചാനൽ സ്ഥാപിക്കുന്നതിനുള്ള അനുവാദത്തിനായി കേന്ദ്ര സർക്കാരിനെ സമീപിക്കുന്ന കാര്യം പരിഗണനയിലുണ്ട്. മറ്റു കാര്യങ്ങൾ വിശദമായി പരിശോധിച്ചിട്ടില്ല.

(ഡി) പശ്ചിമബംഗാൾ തുടങ്ങിയ ചില സംസ്ഥാനങ്ങൾ ടെലിവിഷൻ ചാനൽ തുടങ്ങുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമീപിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിന് നടപടി

10 (721)ശ്രീ. ജി. സുധാകരൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly